## പതിനാലാം കേരള നിയമസഭ

### പതിനേഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1546 | 06-03-2020 ൽ മറുപടിയ്ക്ക്

### ന്യൂനപക്ഷ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് പദ്ധതികൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.മഞ്ഞളാംകുഴി അലി<br>ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ് | | ശ്രീ. കെ.ടി. ജലീൽ<br>(ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) |
| (എ) | സമർത്ഥരായ ന്യൂനപക്ഷ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് പദ്ധതി, നഴ്സിംഗ്, പാരാമെഡിക്കൽ കോഴ്സ് സ്കോളർഷിപ്പ് പദ്ധതി, ന്യൂനപക്ഷ വിദ്യാർത്ഥികൾക്കുള്ള മൂന്ന് വർഷ ഡിപ്ലോമ കോഴ്സിനുള്ള സ്കോളർഷിപ്പ് പദ്ധതി എന്നിവ പ്രകാരം ഈ സർക്കാരിന്റെ കാലത്ത് ആകെ എത്ര തുക വീതം ഓരോ വർഷവും അനുവദിച്ചിട്ടുണ്ട്; ഇതിൽ എത്ര തുക വീതം ഓരോ വർഷവും ചെലവഴിച്ചിട്ടുണ്ട്; ചെലവഴിക്കാത്ത തുക എത്രയാണ്; വിശദാംശം ലഭ്യമാക്കാമോ ; | (എ) | സമർത്ഥരായ ന്യൂനപക്ഷ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്, നഴ്സിംഗ്, പാരാമെഡിക്കൽ സ്കോളർഷിപ്പ്, മൂന്ന് വർഷ ഡിപ്ലോമ കോഴ്സിനുള്ള സ്കോളർഷിപ്പ് എന്നീ പദ്ധതികൾക്ക് അനുവദിച്ച തുക, ചെലവഴിച്ച തുക എന്നിവയുടെ വിവരം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ന്യൂനപക്ഷ വിഭാഗത്തിലെ വിദ്യാർത്ഥികളുടെ പ്രോത്സാഹനത്തിനായി ഈ സർക്കാരിന്റെ കാലത്ത് ഏതെങ്കിലും പദ്ധതികൾ പുതിയതായി ആരംഭിച്ചിട്ടുണ്ടോ ; വിശദാംശം നൽകുമോ ? | (ബി) | ഉണ്ട്<br>1. **ഡോ.എ.പി.ജെ.അബ്ദുൽ കലാം സ്കോളർഷിപ്പ്**: സർക്കാർ/എയ്ഡഡ്, സർക്കാർ അംഗീകൃത സ്വാശ്രയ പോളിടെക്നിക്കുകളിൽ ത്രിവത്സര ഡിപ്ലോമ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്കാണ് ഡോ.എ.പി.ജെ അബ്ദുൽകലാം സ്കോളർഷിപ്പ് നൽകി വരുന്നത്. പ്രതിവർഷം 6000/- രൂപയാണ് സ്കോളർഷിപ്പ് തുക.<br>2. **മദർ തെരേസ സ്കോളർഷിപ്പ്** : നഴ്സിംഗ് ഡിപ്ലോമ/പാരാമെഡിക്കൽ കോഴ്സുകൾക്ക് പഠിക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് പ്രതിവർഷം 15,000/- രൂപ സ്കോളർഷിപ്പ് നൽകുന്ന പദ്ധതി.<br>3.**പ്രൊഫസർ ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ് അവാർഡ്-** എസ്.എസ്.എൽ.സി/ പ്ലസ്ടു/ വി.എച്ച്.എസ്.ഇ ഉടങ്ങിയ കോഴ്സുകളിൽ ഉന്നത വിജയം നേടിയ ന്യൂനപക്ഷ വിഭാഗത്തിലെ സമർത്ഥരായ |

| | | | |
|---|---|---|---|
| | | | വിദ്യാർത്ഥികൾക്ക് 10,000/- രൂപയാണ് സ്കോളർഷിപ്പ്. ബിരുദത്തിന് എല്ലാ വിഷയങ്ങൾക്കും 80%-ന് മുകളിലും ബിരുദാനന്തര ബിരുദത്തിന് എല്ലാ വിഷയങ്ങൾക്കും 75% - ന് മുകളിലും മാർക്ക് നേടുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് തുടർപഠന സഹായത്തിനുള്ള സ്കോളർഷിപ്പ് 15000/- രൂപയാണ്. സർക്കാർ-എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിച്ചവർക്കാണ് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നത്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

## സമർത്ഥരായ ന്യൂനപക്ഷ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്, നഴ്സിംഗ്, പാരാമെഡിക്കൽ സ്കോളർഷിപ്പ്, മൂന്ന് വർഷ ഡിപ്ലോമ കോഴ്സിനുള്ള സ്കോളർഷിപ്പ് പദ്ധതികളുടെ ഇനത്തിൽ അനുവദിച്ച തുക, ചെലവഴിച്ച തുക എന്നിവയുടെ വിവരം

| പദ്ധതിയുടെ പേര് | 2016 17 അനുവദിച്ച തുക | 2016-17 ചെലവഴിച്ച തുക | 2016-17 ചെലവഴിക്കാത്ത തുക | 2017-18 അനുവദിച്ച തുക | 2017-18 ചെലവഴിച്ച തുക | 2017-18 ചെലവഴിക്കാത്ത തുക | 2018-19 അനുവദിച്ച തുക | 2018-19 ചെലവഴിച്ച തുക | 2018-19 ചെലവഴിക്കാത്ത തുക | 2019-20 അനുവദിച്ച തുക | 2019-20 ചെലവഴിച്ച തുക | 2019-20 ചെലവഴിക്കാത്ത തുക |
|---|---|---|---|---|---|---|---|---|---|---|---|---|
| എസ്.എസ്.എൽ.സി/പ്ലസ്ടു/ വി.എച്ച്.എസ്.ഇ/ബിരുദ/ ബിരുദാനന്തര ബിരുദ തലങ്ങളിൽ ഉന്നത വിജയം നേടിയ ന്യൂനപക്ഷ മതവിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് നൽകുന്ന പ്രൊഫ.ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ് | 150 ലക്ഷം | 150 ലക്ഷം | മുഴുവൻ തുകയും വിനിയോഗിച്ചു | 250 ലക്ഷം | 250 ലക്ഷം | മുഴുവൻ തുകയും വിനിയോഗിച്ചു | 260 ലക്ഷം | 260 ലക്ഷം | മുഴുവൻ തുകയും വിനിയോഗിച്ചു | 300 ലക്ഷം | 300 ലക്ഷം | മുഴുവൻ തുകയും വിനിയോഗിച്ചു |
| നേഴ്സിംഗ് ഡിപ്ലോമ/ പാരാമെഡിക്കൽ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് നൽകുന്ന സ്കോളർഷിപ്പ് | 2018 -19 മുതലാണ് പദ്ധതി ആരംഭിച്ചത് | | | | | | 75 ലക്ഷം | 34.35 ലക്ഷം | 40.65 ലക്ഷം | 75 ലക്ഷം | 52.95 ലക്ഷം | 22.05 ലക്ഷം |
| സർക്കാർ/എയ്ഡഡ്, സർക്കാർ അംഗീകൃത സ്വാശ്രയ പോളിടെക്നിക്കുകളിൽ 3 ഇയർ ഡിപ്ലോമ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 2018 -19 മുതലാണ് പദ്ധതി ആരംഭിച്ചത് | | | | | | 60 ലക്ഷം | 18.78 ലക്ഷം | 41.22 ലക്ഷം | 60 ലക്ഷം | 59.40 ലക്ഷം | 0.60 ലക്ഷം |

സെക്ഷൻ ഓഫീസർ